എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയത്തിലും എ പ്ലസ് നേടിയവർ

വി.ആദിത്യ, ഇ.അനന്യ, കെ.വി.അർഷിത, പി.പി.മേഘ്ന, പി.സാന്ദ്ര, സാന്ദ്ര എസ്.ദേവൻ, എൻ.കെ. സ്വാതിക, കെ.തീർത്ഥ, വി.പി.ആദിത്യരാജ്, കെ.പി.അമേഖ്, സി.അനുരാഗ്

ദിനിൽ ദിനേഷ്, പി.പി.തേജസ്, സി.എച്ച്. ഫാത്തിമത്ത് സഫ്വാന, ഇ.ദിൽന, കെ.വി.തീർത്ഥ, അഭിനവ് ഉല്ല്യാസ്, വി.അഞ്ചൽ സജീവൻ, പി.പി.ആരോമൽ, പി.ഫാത്തിമത്തുൽ ഷർമില ഷിറിൻ, പി.ലക്ഷ്മി പ്രിയ, പി.വി.സൂരജ് (എല്ലാവരും പറശിനിക്കടവ് ഹൈസ്കൂൾ വിദ്യാർത്ഥികൾ)

സോളിഡാരിറ്റി പരിസ്ഥിതിദിന ഫോട്ടോഗ്രാഫി മൽസരം

കണ്ണൂർ: പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ് ഫോട്ടോഗ്രാഫി മൽസരം നടത്തുന്നു. പുഴ സംരക്ഷണം എന്നതാണ് വിഷയം. പുഴ സംരക്ഷണം, കയ്യേറ്റം, മലിനീകരണം, നശീകരണം എന്നിവ സംബന്ധിച്ച ഫോട്ടോകൾ അയക്കാം. 38 വയസ് കവിയാത്ത കണ്ണൂർ ജില്ലയിലെ യുവാക്കൾക്ക് പങ്കെടുക്കാം. 5,000രൂപയും പ്രശസ്തി പത്രവുമാണ് ഒന്നാംസമ്മാനം. രണ്ടും മൂന്നും സ്ഥാനക്കാർക്ക് പ്രശസ്തി പത്രവും പ്രോൽസാഹന സമ്മാനവും നൽകും. അവസാന തീയതി 30. ഫോട്ടോ കണ്ണൂർ ജില്ലയിൽ നിന്ന് പകർത്തിയതാവണം. കാപ്ഷൻ, പകർത്തിയ സ്ഥലം എന്നിവ രേഖപ്പെടുത്തണം. ഒരാൾക്ക് മൂന്ന് എൻട്രി വരെ അയക്കാം. ഫോട്ടോ, പത്ത് എം.ബിയിൽ കവിയരുത്. ജെ.പി.ഇ.ജി ഫോർമാറ്റിലാണ് ഫോട്ടോ അയക്കേണ്ടത്. ഫോട്ടോകൾ: https://goo.gl/forms/G4CBrhzzzA2JHVqm2 എന്ന ലിങ്കിൽ അയക്കണം. മൽസരാർത്ഥിയുടെ മുഴുവൻ പേര്, ജനന തീയതി, പോസ്റ്റൽ അഡ്രസ്, മൊബൈൽ നമ്പർ, ഇമെയിൽ എന്നിവ മെയിലിൽ രേഖപ്പെടുത്തണം. മൊബൈൽ ക്യാമറയിൽ എടുത്ത ഫോട്ടോകളും അയക്കാം. ഫോൺ: 8111808640.

വ്യാജമദ്യ ലോബിക്ക് താക്കീതായി സ്ത്രീകളുടെ പ്രതിഷേധ റാലി

ആലക്കോട്: നാടിന്റെ സമാധാന ജീവിതം തകർക്കുന്ന വിധത്തിൽ അഴിഞ്ഞാടുന്ന വ്യാജമദ്യ ലോബിക്കെതിരെ ശക്തമായ പ്രതിഷേധമുയർത്തി കുടുംബശ്രീ നേതൃത്വത്തിൽ സ്ത്രീകളുടെ വൻ പ്രതിഷേധ റാലി നടത്തി. ആലക്കോട് പഞ്ചായത്തിലെ ചെറുപാറ കേന്ദ്രീകരിച്ചുള്ള വ്യാജമദ്യ ലോബി വിളയാട്ടത്തിനെതിരെയാണ് നൂറുകണക്കിന് സ്ത്രീകളും കുട്ടികളും അണിനിരന്ന റാലി സംഘടിപ്പിച്ചത്. സൗത്ത് പെരിങ്ങാലയിൽ നിന്നാരംഭിച്ച റാലി ചെറുപാറയിൽ സമാപിച്ചു. കോരിച്ചൊരിഞ്ഞ മഴയെ കൂസാതെയാണ് സ്ത്രീകളും കുട്ടികളും പ്രതിഷേധ റാലിയിൽ പങ്കെടുത്തത്. വ്യാജമദ്യ ലോബിയുടെ അഴിഞ്ഞാട്ടം വർധിച്ച സാഹചര്യത്തിലാണ് കുടുംബശ്രീ നേതൃത്വത്തിൽ

വ്യാജമദ്യ ലോബിക്കെതിരെ ചെറുപാറയിൽ നടന്ന കുടുംബശ്രീ പ്രതിഷേധ റാലി

സ്ത്രീകൾ ഇവർക്കെതിരെ സംഘടിച്ച് രംഗത്ത് വന്നത്. അടുത്ത കാലത്ത് പഞ്ചായത്ത് മെമ്പർക്ക് നേരെയും വ്യാജമദ്യ ലോബിയുടെ കൈയേറ്റ ശ്രമം നടന്നിരുന്നു. എക്സൈസും പോലീസും അധികൃതരും ശക്തമായ നടപടികൾ സ്വീകരിക്കുന്നില്ലെന്ന് റാലിക്ക് ശേഷം നടന്ന പ്രതിഷേധ പൊതുയോഗം കുറ്റപ്പെടുത്തി. അനീഷ ജിനു അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് മെമ്പർമാരായ ദേവദാസ് വള്ളിയാംതടം, രാജലക്ഷ്മി, ഡി.വൈ.എഫ്.ഐ നേതാവ് കെ.വി. ജിതേഷ് പ്രസംഗിച്ചു. രാധ വിജയൻ സ്വാഗതം പറഞ്ഞു.

അറിയിപ്പ്

തളിപ്പറമ്പ: നഗരസഭാ പരിധിയിലെ വിവിധ പ്രശ്നങ്ങളെ കുറിച്ച് ചർച്ച ചെയ്യുന്നതിനായി ട്രാഫിക് റഗുലേറ്ററി കമ്മിറ്റി അംഗങ്ങൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, വ്യാപാരി പ്രതിനിധികൾ എന്നിവരുടെ സംയുക്ത യോഗം ഇന്ന് വൈകുന്നേരം 3 മണിക്ക് നഗരസഭാ ഓഫീസിൽ ചേരും.

ആലക്കോട് എൻ.എസ്.എസ്. ഹയർസെക്കണ്ടറി സ്കൂളിലെ 1988 ബാച്ച് എസ്.എസ്.എൽ.സി വിദ്യാർത്ഥികൾ അധ്യാപകർക്കൊപ്പം.

ഗുഡ്സ് ഓട്ടോ ഡ്രൈവേഴ്സ് വാർഷിക സമ്മേളനം നടത്തി

തളിപ്പറമ്പ: സ്വതന്ത്ര ഗുഡ്സ് ഓട്ടോ ഡ്രൈവേഴ്സ് യൂണിയൻ തളിപ്പറമ്പ മുനിസിപ്പൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ വാർഷിക സമ്മേളനം നടത്തി. ഭാരവാഹികളായി പി.സി. നസീർ (പ്രസിഡണ്ട്), പി. ഇല്ല്യാസ് (ജനറൽ സെക്രട്ടറി), പി. വി. ഫൈസൽ (ട്രഷറർ), പി.കെ. ഹംസ, പി.എ.വി. ഉസ്മാൻ (വൈസ് പ്രസിഡണ്ട്), കെ. മാണിച്ചൻ, കെ. മുഹമ്മദലി (ജോയിന്റ് സെക്രട്ടറി) എന്നിവരെയും തിരഞ്ഞെടുത്തു. പി.സി. നസീർ അധ്യക്ഷത വഹിച്ചു. കെ.പി. ഹംസ സ്വാഗതവും പി. ഇല്ല്യാസ് നന്ദിയും പറഞ്ഞു.

പരിയാരം ഗ്രാമപഞ്ചായത്ത് ഹരിത കേരളം പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച ജലപാർലമെന്റിൽ ഇ.കെ.സോമശേഖരൻ ക്ലാസെടുക്കുന്നു

ജലപാർലമെന്റ് സംഘടിപ്പിച്ചു

പരിയാരം: പരിയാരം ഗ്രാമപഞ്ചായത്ത് ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ജലപാർലമെന്റ് സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡണ്ട് എ. രാജേഷ് ഉദ്ഘാടനം ചെയ്തു. ഹരിതകേരളം ജില്ലാ കോഡിനേറ്റർ ഇ.കെ. സോമശേഖരൻ ക്ലാസെടുത്തു. വൈസ് പ്രസിഡണ്ട് കെ.വി. രമ അധ്യക്ഷയായി. എം.ടി. മനോഹരൻ, പി.പി. രഘു, പി.പി. ജനാർദനൻ, പി.വി. കുഞ്ഞിക്കണ്ണൻ സംസാരിച്ചു. വി. രാജീവൻ നന്ദി പറഞ്ഞു.

തളിപ്പറമ്പ് ചിറവക്കിൽ നൈസ് എൻ ക്ലീൻ ലോൺട്രി സർവീസ് മാർക്കറ്റ് ഫെഡ് ചെയർമാൻ അഡ്വ. സോണി സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുന്നു

പ്രതിഷേധ പ്രകടനം നടത്തി

ശ്രീകണ്ഠപുരം: ബാബുവിന്റെ കൊലപാതകത്തിൽ പ്രതിഷേധിച്ച് ശ്രീകണ്ഠപുരത്ത് സി.പി.എം നേതൃത്വത്തിൽ പ്രകടനം നടത്തി. ഏരിയാ സെക്രട്ടറി എം. വേലായുധൻ, നഗരസഭാ കൗൺസിലർ അഡ്വ. എം.സി രാഘവൻ, എം.സി. ഹരിദാസൻ, വി.സി രാമചന്ദ്രൻ തുടങ്ങിയവർ നേതൃത്വം നൽകി.

കുറുമാത്തൂർ: മാഹി മുൻ കൗൺസിലറും സി.പി.എം.പള്ളൂർ ലോക്കൽ കമ്മറ്റി അംഗവുമായ കെ.ബാബുവിനെ കൊലപാതകത്തിൽ പ്രതിഷേധിച്ച് സി.പി.എമ്മിന്റെ നേതൃത്വത്തിൽ പൊക്കുണ്ടിൽ പ്രകടനവും പ്രതിഷേധ കൂട്ടായ്മയും നടത്തി. കെ.വി.ബാലകൃഷ്ണൻ, വി.പ്രേമരാജൻ മാസ്റ്റർ നേതൃത്വം നൽകി.

കെ.ബാബുവിന്റെ കൊലപാതകത്തിൽ പ്രതിഷേധിച്ച് ശ്രീകണ്ഠപുരത്ത് സി.പി.എം നടത്തിയ പ്രകടനം.

സി.പി.എമ്മിന്റെ നേതൃത്വത്തിൽ പൊക്കുണ്ടിൽ നടത്തിയ പ്രതിഷേധ പ്രകടനം

30 വർഷങ്ങൾക്ക് ശേഷം ഓർമ്മകൾ പങ്കുവെച്ച് സതീർത്ഥ്യർ ഒത്തുചേർന്നു

ആലക്കോട്: ആലക്കോട് എൻ.എസ്.എസ്. ഹയർസെക്കണ്ടറി സ്കൂളിലെ 1988 ബാച്ച് എസ്.എസ്.എൽ.സി വിദ്യാർത്ഥികളുടെ സംഗമം സതീർത്ഥ്യർ 88 എന്ന പേരിൽ ആലക്കോട് സംഘടിപ്പിച്ചു. കലാലയ ജീവിതത്തിലെ നിറമുള്ള ഓർമ്മകൾ പങ്കുവെച്ച് 30 വർഷങ്ങൾക്ക് ശേഷം വീണ്ടും ഒത്തുചേർന്ന സഹപാഠികളുടെ കൂട്ടായ്മ അന്നത്തെ ഹെഡ്മാസ്റ്ററായിരുന്ന പി.കെ. നാരായണൻനായർ ഉദ്ഘാടനം ചെയ്തു. സജിമോൻ തോട്ടത്തിൽ അധ്യക്ഷത വഹിച്ചു. മുൻ അധ്യാപകരായ എം.വി. വേലായുധൻ, സി. ഭാസ്ക്കരൻ, കെ. ജി. ഗോപാലകൃഷ്ണൻ, രോഹിണിയമ്മ, സരസ്വതി, പൂർവ്വവിദ്യാർത്ഥി പ്രതിനിധികളായ വി. പി. രമേശ്, പി. ബിജു, സീമ സ്കറിയ, ആൻസി പ്രസംഗിച്ചു. എം.പി. മുരളിദാസ് സ്വാഗതവും കെ.കെ. സുരേഷ്ബാബു നന്ദിയും പറഞ്ഞു. തുടർ പ്രവർത്തനങ്ങൾക്കായി കെ.കെ. സുരേഷ് ബാബു ചെയർമാനും ടി.എ. സജിമോൻ കൺവീനറുമായി സമിതി രൂപീകരിച്ചു. പഠനത്തിന് സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന കുട്ടികളെ സഹായിക്കുന്നതിന് തീരുമാനിച്ചു.

കളഞ്ഞു കിട്ടിയ തുക ഉടമസ്ഥനെ ഏൽപ്പിച്ച കെ.ഉസ്മാന് എസ്.ടി.യു ദേശീയ വൈസ് പ്രസിഡണ്ട് എം.എ.കരീം ഉപഹാരം നൽകുന്നു

അനുമോദിച്ചു

തളിപ്പറമ്പ: തളിപ്പറമ്പിൽ വെച്ച് കളഞ്ഞ് കിട്ടിയ വൻതുക ഉടമയെ കണ്ടെത്തി തിരിച്ച് ഏൽപ്പിച്ച മിനിലോറി ഡ്രൈവേർസ് യൂണിയൻ എസ്.ടി.യു പ്രവർത്തകൻ കെ. ഉസ്മാന് യൂണിയന്റെ സ്നേഹോപഹാരം എസ്.ടി.യു ദേശീയ വൈസ് പ്രസിഡണ്ട് എം.എ. കരീം നൽകി. ജനറൽ സെക്രട്ടറി ആലിക്കുഞ്ഞി പന്നിയൂർ, എ.പി. ഇബ്രാഹിം, പി.കെ. നാസർ, എ.പി. റഷീദ്, മുസ്തഫ ബത്താലി, കെ. മുസ്തഫ ഹാജി, യു.കെ.സി. മജീദ്, പി. ഹംസ ഹാജി, പാലക്കൽ സാഹിർ, വി. ജലീൽ, പി.കെ. അഷ്റഫ്, എം.കെ. ലത്തീഫ്, എ.പി. ബദറുദീൻ സംസാരിച്ചു.

ജമാഅത്തെ ഇസ്ലാമി കുടുംബസംഗമം

തളിപ്പറമ്പ: ജമാഅത്തെ ഇസ്ലാമി തിരുവട്ടൂർ യൂണിറ്റിന്റെ കുടുംബസംഗമം തോട്ടിക്കലിൽ നടത്തി. പയ്യന്നൂർ മസ്ജിദ് റഹ്മ ഖത്തീബ് സി.കെ. മുനവ്വിർ ഉദ്ഘാടനം ചെയ്തു. തിരുവട്ടൂർ ജമാഅത്തെ ഇസ്ലാമി പ്രസിഡണ്ട് ഖാലിദ് കെ.കെ. അധ്യക്ഷത വഹിച്ചു. അബ്ദുൽകരീം തോട്ടിക്കൽ സ്വാഗതം പറഞ്ഞു. അഹ്മദ് ഫാറൂഖ് നന്ദി പറഞ്ഞു.

മലയാള ഭാഷ പഠനക്കളരി സമാപിച്ചു

ആലക്കോട്: അരങ്ങം സനാതന ധർമ്മ പാഠശാല ആഭിമുഖ്യത്തിൽ നടന്നു വന്ന സൗജന്യ മലയാള ഭാഷ പഠനക്കളരി സമാപിച്ചു. സി.കെ.ജി മാസ്റ്റർ അധ്യക്ഷത വഹിച്ചു. കെ.കെ.സുരേഷ്ബാബു, കെ.ആർ.ഗോപാലകൃഷ്ണൻ മാസ്റ്റർ, സി.വിജയമ്മ ടീച്ചർ, ജെ.ജഗദമ്മ ടീച്ചർ പ്രസംഗിച്ചു. കെ.എൽ.ബിന്ദു സ്വാഗതവും കെ.എസ്.ലീലാകുമാരി നന്ദിയും പറഞ്ഞു.

സൗജന്യ മെഡിക്കൽ ക്യാമ്പ് നാളെ

ആലക്കോട്: ആലക്കോട് വേദ ആയുർ ക്ലിനിക് അഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ് നാളെ രാവിലെ പത്ത് മുതൽ രയരോം ടൗണിൽ നടക്കും. വിദഗ്ധ ഡോക്ടർമാർ നേതൃത്വം നൽകും. ഫോൺ: 9744344509.

'കഥയോരം' ചെറുകഥാ ക്യാമ്പ് അംബികസുതൻ മാങ്ങാട് ഉദ്ഘാടനം ചെയ്യും

ആലക്കോട്: കണ്ണൂർ ആകാശവാണി യുവവാണി പ്രക്ഷേപണ വിഭാഗം, ആലക്കോട് സർഗവേദി, റീഡേഴ്സ് ഫോറം സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ദ്വിദിന ചെറുകഥാ ക്യാമ്പ് 'കഥയോരം' ഇന്നും നാളെയും ആലക്കോട് വ്യാപാരഭവനിൽ നടക്കും. ഇന്ന് ഉച്ച കഴിഞ്ഞ് പ്രശസ്ത നോവലിസ്റ്റ് അംബികാസുതൻ മാങ്ങാട് ക്യാമ്പ് ഉദ്ഘാടനം ചെയ്യും. രണ്ട് ദിവസമായി നടക്കുന്ന ക്യാമ്പിൽ ടി.പി.വേണുഗോപാലൻ, രമേശൻ ബ്ലാത്തൂർ, വിനോയി തോമസ്, എ.വി.പവിത്രൻ, വി.എച്ച്.നിഷാദ്, എം.വി.ഷാജി എന്നിവർ ക്ലാസുകൾ നയിക്കും. ക്യാമ്പ് നാളെ സമാപിക്കും.

താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നു

ആലക്കോട്: ഉദയഗിരി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ സായാഹ്ന ഒ.പി ആരംഭിക്കുന്നതിന്റെ ഭാഗമായി ഉദയഗിരി പഞ്ചായത്തിന്റെ 2018-19 പദ്ധതി പ്രകാരം ഒരു ഫാർമസിസ്റ്റിനെ താൽക്കാലികമായി നിയമിക്കുന്നു. നിയമന ഇന്റർവ്യൂ 17ന് രാവിലെ 11 മണിക്ക് ഉദയഗിരി പഞ്ചായത്ത് ഓഫീസിൽ നടക്കുമെന്നും ഉദ്യോഗാർത്ഥികൾ യോഗ്യത സർട്ടിഫിക്കറ്റുമായി ഹാജരാകണമെന്നും മെഡി. ഓഫീസർ അറിയിച്ചു.

ആലക്കോട് ജനകീയ കൂട്ടായ്മയിൽ നിർമ്മിച്ച റോഡ്.

ആലക്കോട് ജനകീയ കൂട്ടായ്മയിൽ റോഡ് നിർമ്മിച്ചു

ആലക്കോട്: റോഡിന് വേണ്ടിയുള്ള പതിറ്റാണ്ടുകൾ നീണ്ട കാത്തിരിപ്പ് സഫലമാക്കി ജനകീയ കൂട്ടായ്മയിൽ റോഡ് നിർമ്മിച്ചു. ആലക്കോട് ടൗണിന് സമീപം കൊട്ടാരം റോഡ്- മൊറാനി ബൈപ്പാസ് നിവാസികളാണ് ജനകീയ കൂട്ടായ്മയിൽ റോഡ് നിർമ്മിച്ചത്. ആലക്കോട് ടൗണിനോട് ചേർന്നുള്ള സ്ഥലമായിട്ടും ഗതാഗതയോഗ്യമായൊരു റോഡ് ഇവിടെയുള്ളവർക്ക് ഒരു സ്വപ്നം മാത്രമായിരുന്നു. ദുരിതം നിറഞ്ഞ ഒരു നടപ്പ് വഴി മാത്രമായിരുന്നു ഏക ആശ്രയം. ഇതേ തുടർന്ന് കടുത്ത യാത്രാദുരിതമാണ് ഈ മേഖലയിലെ 30ലധികം കുടുംബങ്ങൾ അനുഭവിച്ചിരുന്നത്. തുടർന്നാണ് ജനകീയ കൂട്ടായ്മ രൂപീകരിച്ച് ആവശ്യമായ സ്ഥലം ഏറ്റെടുത്ത് ആലക്കോട്-മൊറാനി റോഡുകളെ ബന്ധിപ്പിച്ച് വീതികൂട്ടി റോഡ് നിർമ്മിച്ച്. ബാബു അക്കരെ, സജി വിറകൊടിയനാൽ, സോമൻ ഞാറ്റുതൊട്ടിയിൽ, മർക്കോസ് മാവോടിയിൽ, ബിനോയി ചാമക്കാലായിൽ, പ്രിൻസ് ചാമക്കാല, ജോസഫ് കിഴക്കേത്തൊഴെ, റോസമ്മ നേതൃത്വം നൽകി. റോഡുമായി ബന്ധിപ്പിച്ചുള്ള ആലക്കോട് പുഴക്ക് കുറുകെ റെഗുലേറ്റർ കംബ്രിഡ്ജ് നിർമ്മിക്കണമെന്നും നാട്ടുകാർ ആവശ്യപ്പെട്ടു.

പെരുനിലം റോഡിലെ അനധികൃത പാർക്കിംഗ് ദുരിതമാകുന്നു

ആലക്കോട്: ആലക്കോട് ടൗണിന്റെ പ്രധാന ജംഗ്ഷനായ പെരുനിലം റോഡിലെ അനധികൃത വാഹന പാർക്കിംഗ് ഗതാഗതകുരുക്ക് ഉയർത്തുന്നു. റോഡിന്റെ ഇരുഭാഗത്തും ഗതാഗതം തടസപ്പെടുന്ന വിധത്തിൽ വാഹനങ്ങൾ തോന്നുന്നതുപോലെ നിർത്തിയിടുന്നതാണ് ദുരിതത്തിന് കാരണം. തീർത്തും വീതി കുറഞ്ഞ് ഇടുങ്ങിയതാണ് പെരുനിലം റോഡ്. ഇതിന്റെ ഇരു ഭാഗത്തുമായി വാഹനങ്ങൾ അനധികൃതമായി പാർക്ക് ചെയ്യുന്നത് കാരണം മറ്റ് വാഹനങ്ങൾക്ക് കടന്നു പോകാൻ കഴിയാത്ത സ്ഥിതിയാണ്. അനധികൃത പാർക്കിംഗിനെതിരെ അധികൃതർ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യമുയർന്നു.

ആലക്കോട് പെരുനിലം റോഡിൽ അനുഭവപ്പെടുന്ന ഗതാഗതകുരുക്ക്

തളിപ്പറമ്പ് പോലീസ് സ്റ്റേഷനിലെ അശോകസ്തംഭം ഡി.വൈ.എസ്.പി കെ.വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു

തളിപ്പറമ്പ് പോലീസ് സ്റ്റേഷൻ മുറ്റത്ത് അശോകസ്തംഭം സ്ഥാപിച്ചു

തളിപ്പറമ്പ്: തളിപ്പറമ്പ് പോലീസ് സ്റ്റേഷനിലെത്തുന്നവരെ വരവേൽക്കാൻ അശോകസ്തംഭത്തിന്റെ സാന്നിധ്യവും. സ്റ്റേഷൻ മുറ്റത്ത് കോൺക്രീറ്റിൽ തീർത്ത 10 അടി ഉയരമുള്ള അശോകസ്തംഭം ഡി.വൈ.എസ്.പി കെ.വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്തു. കേരളാ പോലീസിന്റെ മുദ്ര എന്ന നിലയിൽ തളിപ്പറമ്പ പോലീസ് സ്റ്റേഷനിലെത്തുന്നവരെ എതിരേൽക്കുന്ന രീതിയിലാണ് സ്ഥാപിച്ചത്. റിക്രിയേഷൻ ക്ലബിന്റെ സഹായത്തോടെയായിരുന്നു നിർമ്മാണം. ഉദ്ഘാടനച്ചടങ്ങിൽ സി.ഐ കെ. ജെ. വിനോയ് അധ്യക്ഷത വഹിച്ചു. എസ്.ഐമാരായ പി.എ.ബിനുമോഹനൻ, കെ.ദിനേശൻ, റിക്രിയേഷൻ ക്ലബ് ഭാരവാഹികൾ തുടങ്ങിയവർ സംബന്ധിച്ചു. ശിൽപ്പി കുഞ്ഞിമംഗലത്തെ ഷിൻജിത്ത്, സാമ്പത്തിക സഹായം നൽകിയ റിക്രിയേഷൻ ക്ലബ് ഭാരവാഹികൾ എന്നിവരെ ആദരിച്ചു.

കൊലപാതക രാഷ്ട്രീയവും ഹർത്താലും പ്രാകൃതം; ഹർത്താൽ വിരുദ്ധമുന്നണി

കണ്ണൂർ: കൊലപാതക രാഷ്ട്രീയവും ഹർത്താലും പ്രാകൃതരീതിയാണ്. ഇന്നും ഈ പ്രാകൃതരീതി കൈവിടാത്ത രാഷ്ട്രീയ നേതാക്കൻമാരും സംഘടനകളും കേരളത്തിന് തീരാദുരിതമായി മാറിയിരിക്കുന്നു. ഇത്തരം പ്രസ്ഥാനത്തെയും നേതാക്കൻമാരെയും പരിഷ്കൃത സമൂഹം ഒറ്റപ്പെടുത്തണമെന്ന് ഹർത്താൽ വിരുദ്ധമുന്നണി യോഗം ആവശ്യപ്പെട്ടു. കണ്ണൂരിൽ സമാധാന ജീവിതം ഉറപ്പുവരുത്തുവാൻ ഭരണാധികാരികളും പോലീസും തയ്യാറാവണമെന്നും യോഗം ആവശ്യപ്പെട്ടു. സംസ്ഥാന സെക്രട്ടറി കെ.ചന്ദ്രബാബു അധ്യക്ഷത വഹിച്ചു. ടി.പി.ആർ നാഥ്, ദിനു മൊട്ടമ്മൽ, രാജൻ തീയ്യറത്ത്, മടത്തിൽ പ്രദീപൻ സംസാരിച്ചു.